വനിതാവികസന കോർപ്പറേഷന്റെ മേഖലാ ആഫീസുകൾ

36 (3117)ശ്രീ. പി.കെ. അബ്ദുറബ്ബ് :
ശ്രീ. എം.കെ. മുനീർ :
ശ്രീ. കെ.പി.എ. മജീദ് :
ശ്രീ. നാലകത്തു സൂപ്പി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന വനിതാ വികസന കോർപ്പറേഷന്റെ മേഖലാ ആഫീസുകൾ ഏത് ഗ്രേഡിലുള്ള ആഫീസറുടെ കീഴിലാണ് പ്രവർത്തിക്കുന്നത്;

(ബി) മേഖലാ ആഫീസർമാരുടെ ആവശ്യത്തിന് പുതിയ വാഹനങ്ങൾ അടുത്ത കാലത്ത് വാങ്ങിയിരുന്നോ;

(സി) മേഖലാ ആഫീസർമാർക്ക് ഔദ്യോഗിക വാഹനം ഉപയോഗിക്കുന്നതിനുള്ള അർഹത ഉണ്ടോ;

(ഡി) ഡെപ്യൂട്ടേഷൻ വ്യവസ്ഥയിലും കോൺട്രാക്ട് വ്യവസ്ഥയിലും കൺസോളിഡേറ്റഡ് ശമ്പള നിരക്കിലും ഏതൊക്കെ തസ്തികകളിൽ ആരെല്ലാം കോർപ്പറേഷനിൽ ജോലി നോക്കി വരുന്നു;

(ഇ) ഈ മൂന്നു രീതിയിലും നിയമനം നൽകിയവരുടെ ശമ്പള നിരക്ക് എത്ര;

(എഫ്)സ്ഥിരം ജീവനക്കാർക്ക് അർഹമായ സർവ്വീസ് ആനുകൂല്യങ്ങൾ ഇവർക്ക് നൽകി വരുന്നുണ്ടോ; ഉണ്ടെങ്കിൽ എന്തെല്ലാം; എന്തടിസ്ഥാനത്തിലാണ് ഇത് നൽകുന്നതെന്ന് വ്യക്തമാക്കുമോ;

(ജി) കോർപ്പറേഷൻ എവിടെയൊക്കെ മേഖലാ ആഫീസുകൾ തുടങ്ങുന്നതിനാണ് സർക്കാർ അനുവാദം നൽകിയത്;

(എച്ച്) സർക്കാരിന്റെ അനുവാദമില്ലാതെ എവിടെയെങ്കിലും മേഖലാ ആഫീസ് തുടങ്ങിയിട്ടുണ്ടോ;

(ഐ) എങ്കിൽ ഇതിന് ഉത്തരവാദികൾ ആരാണ്; അവർക്ക് എതിരെ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) സംസ്ഥാന വനിതാ വികസന കോർപ്പറേഷന്റെ മേഖലാ ആഫീസുകൾ 2200-4000 രൂപ ശമ്പള സ്കെയിലുള്ള മേഖലാ മാനേജർമാരുടെ കീഴിലാണ് പ്രവർത്തിക്കുന്നത്.

(ബി) എറണാകുളം, കോഴിക്കോട് മേഖലാ ആഫീസുകളുടെ ആവശ്യത്തിനായി രണ്ട് ഡീസൽ അംബാസിഡർ കാറുകൾ വാങ്ങിയിട്ടുണ്ട്.

(സി) മേഖലാ ആഫീസുകളുടെ ഔദ്യോഗിക ആവശ്യത്തിനാണ് വാഹനങ്ങൾ വാങ്ങിയിട്ടുള്ളത്. കോഴിക്കോട് മേഖലാ ആഫീസിനു കീഴിലുള്ള 6 റവന്യൂ ജില്ലകളിലെയും എറണാകുളം ഓഫീസിനുകീഴിലുള്ള 5 റവന്യൂ ജില്ലകളിലെയും കോർപ്പറേഷന്റെ പ്രവർത്തനങ്ങളുടെ മേൽനോട്ടം ഈ മേഖലാ ആഫീസുകൾ വഴിയാണ് നടത്തുന്നത്. ഇതിനായി ധാരാളം യാത്ര ചെയ്യേണ്ടിവരുന്നതിനാൽ വാഹനങ്ങൾ അത്യാവശ്യമാണ്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ ഇപ്പോൾ ജോലി നോക്കുന്നവർ

മേഖലാ മാനേജർ	-	1
മാനേജർ	-	1
മാനേജർ (പ്രോജക്ട്)	-	1
അക്കൗണ്ടന്റ്	-	2
ക്യാഷ്യർ	-	1
അസിസ്റ്റന്റ്	-	4
എൽ.ഡി. ക്ളാർക്ക്	-	2
ടൈപ്പിസ്റ്റ്	-	2
റിക്കാർഡ് കീപ്പർ	-	1
ഡ്രൈവർ	-	2
പ്യൂൺ	-	1
ആകെ	-	18

കോൺട്രാക്ട് വ്യവസ്ഥയിൽ ജോലി നോക്കുന്നവർ

മാനേജിംഗ് ഡയറക്ടർ (ശമ്പള സ്കെയിലിൽ)	-	1
മേഖലാ മാനേജർ (ശമ്പള സ്കെയിലിൽ)	-	1
പാർട്ട് ടൈം കമ്പനി സെക്രട്ടറി (കൺസോളിഡേറ്റഡ് ശമ്പളത്തിൽ)	-	1

(ഇ) കോർപ്പറേഷനിൽ ഡെപ്യൂട്ടേഷനിൽ ജോലി നോക്കുന്നവരുടെ ശമ്പള നിരക്കുകൾ ഡെപ്യൂട്ടേഷൻ വ്യവസ്ഥകൾക്ക് വിധേയമാണ്. കോൺട്രാക്ട് വ്യവസ്ഥയിൽ ജോലി നോക്കുന്നവരുടെ ശമ്പള നിരക്ക് ചുവടെ ചേർക്കുന്നു.

മാനേജിംഗ് ഡയറക്ടർ	-	2825-4435 രൂപ ശമ്പള സ്കെയിൽ
മേഖലാ മാനേജർ	-	2200-4000 രൂപ ശമ്പള സ്കെയിൽ
പാർട്ട് ടൈം കമ്പനി സെക്രട്ടറി	-	5000 രൂപ പ്രതിമാസം (കൺസോളിഡേറ്റഡ് ശമ്പളം)

(എഫ്) ഡെപ്യൂട്ടേഷനിൽ ജോലി നോക്കുന്നവരുടെ സർവ്വീസ് ആനുകൂല്യങ്ങൾ ഡെപ്യൂട്ടേഷൻ വ്യവസ്ഥകൾക്കും കോൺട്രാക്ട് വ്യവസ്ഥയിൽ ജോലി നോക്കുന്നവർക്ക് കരാർ അനുസരിച്ചും അർഹമായ സർവ്വീസ് ആനുകൂല്യങ്ങൾ നൽകുന്നു.

(ജി) എറണാകുളം, കോഴിക്കോട്, എന്നിവിടങ്ങളിൽ.

(എച്ച്) ഇല്ല.

(ഐ) ബാധകമല്ല.

1163/2010.

LIBRARY ARCHIVES Kerala Legislative Assembly